(ബി) അടുത്ത പട്ടയമേളയ്ക്ക് മുമ്പായി തീർപ്പ് കൽപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതുവൈപ്പ് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

185 (3970) ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുവൈപ്പ് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിന് ഇതുവരെയായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) കെട്ടിടം പണി എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പുതുവൈപ്പ് വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണത്തിന് 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് അധികാരികൾ തയ്യാറാക്കിയത് ഫണ്ടിനും ഭരണാനുമതിക്കുമായി ജില്ലാ കളക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ടി നിർമ്മാണത്തിന് 2010-2011-ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II-ൽ 4059-01-051-96-ഭൂനികുതി എന്ന ബഡ്ജറ്റ് ശീർഷകത്തിൻ കീഴിൽ ക്രമനമ്പർ (44) ആയി എസ്റ്റിമേറ്റ് തുക 12,60,000 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കവിയാത്ത തുകയ്ക്കുള്ള പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടും ഭരണാനുമതിയും നൽകി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ട്രഷറി കെട്ടിടത്തിന് സ്ഥലം അനുവദിക്കുന്നതിന് നടപടി

186 (3970) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പുതിയറ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ജില്ലാ കളക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) കോഴിക്കോട് താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന പുതിയറയിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ അളവ് വ്യക്തമാക്കുമോ ;

(ഡി) ഇവിടെ ട്രഷറിക്ക് സ്ഥലം അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഇ) മറ്റു തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ ഇവിടെ ട്രഷറിക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly